**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2803** **25-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് തൊഴിൽ കണ്ടെത്താൻ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. റോജി എം. ജോൺ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് തൊഴിൽ നൽകാൻ എന്തൊക്കെ പദ്ധതികളാണ്അസൂത്രണം ചെയ്തിരിക്കുന്നതെന്ന വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**സ്വയം തൊഴിൽ പദ്ധതി**<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മൂന്ന് ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് വായ്പ തുകയുടെ 1/3 സബ്സിഡി പരമാവധി 1 ലക്ഷം രൂപ അനുവദിക്കുന്നു.<br><br>**സ്റ്റാർട്ടപ്പ് ഡ്രീംസ്**<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ് , സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഡ്രീംസ്. ഇതിന്റെ നടത്തിപ്പ് ചുമതല ഇക്കാര്യത്തിൽ പരിചയ സമ്പത്തുള്ളതും, സംരംഭകത്വ ആവാസവ്യവസ്ഥ സ്ഥാപിയ്ക്കുന്നതിനുള്ള കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായ കേരള സ്റ്റാർട്ടപ്പ് മിഷനാണ്.<br><br>**നൈപുണ്യ വികസന പരിശീലനങ്ങൾ**<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉള്ളതും അല്ലാത്തവരുമായ തൊഴിൽ രഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ട് . വിവര സാങ്കേതികം, |

ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് ഉതകുന്ന പരിശീലനങ്ങൾ നിലവിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം നൈപുണ്യ വികസന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റും ഈ പദ്ധതികൾ പ്രകാരം ഉറപ്പാക്കുന്നുണ്ട്.

**<u>സ്വാശ്രയ സംഘങ്ങൾക്കും വനിതാ സംഘങ്ങൾക്കും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി</u>**

പത്തോ അതിൽ കൂടുതലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള സ്വാശ്രയസംഘങ്ങൾക്കും 80 ശതമാനമോ അതിനുമുകളിലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള വനിതാ സ്വാശ്രയ സംഘങ്ങൾക്കും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 75% തുക (പരമാവധി 10 ലക്ഷം രൂപ) സംഘങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഈ പദ്ധതി പ്രകാരം അനുവദിച്ചു നൽകുന്നു.

വിദ്യാസമ്പന്നരായ പട്ടികവർഗ്ഗക്കാരുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവജനങ്ങളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തരാക്കു ന്നതിനുമായി ധാരാളം പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 1** ആയി ചേർക്കുന്നു.

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി 50,000/- രൂപ മുതൽ 25,00,000/- രൂപ വരെ പദ്ധതി തുകയുള്ള വിവിധ സ്വയംതൊഴിൽ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. പ്രസ്തുത പദ്ധതികളെ കുറിച്ചുള്ള സംക്ഷിപ്ത വിവരണം **അനുബന്ധം 2** ആയി ചേർക്കുന്നു.

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ അംഗസംഘങ്ങളായ പട്ടികജാതി സംഘങ്ങൾക്ക് സ്വാശ്രയ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനു വേണ്ടി ഫെഡറേഷനിൽ നിന്നും ധനസഹായം നൽകി വരുന്നുണ്ട്.

| | | | |
|---|---|---|---|
| | | | ഫെഡറേഷന്റെ അംഗസംഘങ്ങൾ ആയ പട്ടികവർഗ്ഗ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഫെഡറേഷനിൽ പദ്ധതി നിലവിൽ ഉണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റ് ഇൻ-എയ്ഡ് ഇനത്തിൽ അനുവദിക്കുന്ന തുക ഫെഡറേഷൻ അംഗസംഘങ്ങൾക്ക് വനവിഭവ ശേഖരണ പ്രവർത്തനം നടത്തുന്നതിന് വിനിയോഗിക്കുന്നു. വനവിഭവ ശേഖരണം നടത്തുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ശേഖരണ മാർഗ്ഗങ്ങൾ അംവലംബിക്കുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള പരിശീലനം, ഉപകരണങ്ങളുടെ വിതരണം എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഭാഗത്തിലുള്ളവർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ പ്രത്യേക സഹായം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മൂന്ന് ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് വായ്പ തുകയുടെ 1/3 സബ്സിഡി പരമാവധി 1 ലക്ഷം രൂപ അനുവദിക്കുന്ന പദ്ധതിയും, പത്തോ അതിൽ കൂടുതലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള സ്വാശ്രയസംഘങ്ങൾക്കും 80 ശതമാനമോ അതിനുമുകളിലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള വനിതാ സ്വാശ്രയ സംഘങ്ങൾക്കും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 75% തുക (പരമാവധി 10 ലക്ഷം രൂപ) സംഘങ്ങൾക്ക് അനുവദിക്കുന്ന പദ്ധതിയും വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.<br><br>സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്കിടയിലെ തൊഴിൽ ഇല്ലായ്മ പരിഹരിക്കുന്നതിനും അവർക്കിടയിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുമായി സംരംഭകത്വ വികസന പരിപാടി പട്ടികവർഗ വികസന വകുപ്പ് ആസൂത്രണം ചെയ്തിട്ടുണ്ട്. വ്യക്തിഗത/സംഘങ്ങളായി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതാണ് പദ്ധതി.<br><br>സ്വയംതൊഴിൽ ചെയ്യുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുക എന്ന സഹായമാണ് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് ചെയ്തു വരുന്നത്.<br><br>കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ പട്ടികജാതി വിഭാഗത്തിലുള്ള അംഗസംഘങ്ങളിലെ സ്വാശ്രയ ഗ്രൂപ്പുകളിലെ അംഗങ്ങൾക്ക് ടി ഗ്രൂപ്പുകൾ മുഖാന്തിരം സ്വയം തൊഴിൽ കണ്ടെത്തുവാൻ സാധിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വിഭാഗത്തില്പള്ള അംഗസംഘങ്ങളിലെ ഗ്രൂപ്പുകൾക്ക് വനവിഭവ ശേഖരണത്തിന് വായ്പ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം. 1

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന വിവിധ സ്വയംതൊഴിൽ പദ്ധതികൾ.

1. **ബെനഫിഷ്യറി ഓറിയന്റഡ് പദ്ധതി**

സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് ചെറിയ ഇടത്തരം സ്വയം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനു വേണ്ടി വായ്പ നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിൻ കീഴിൽ 3,00,000/- രൂപ വരെ അനുവദിക്കുന്നതാണ്. പലിശ നിരക്ക് 7% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്.

2. **പ്രൊഫഷണൽ സർവ്വീസ് പദ്ധതി.**

നിശ്ചിത പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയും വൈദഗ്ദ്ധ്യവുമുള്ള (ഡോക്ടർ, എഞ്ചിനീയർ, ചാർട്ടേർഡ് അക്കൗണ്ടന്റ്, ഫാർമസിസ്റ്റ് തുടങ്ങിയ) പട്ടികജാതിയിൽപ്പെട്ട യുവതീ യുവാക്കൾക്ക് സ്വന്തമായി പ്രാക്ടീസ് ചെയ്യുന്നതിനോ സ്വയം തൊഴിൽ ചെയ്യുന്നതിനോ കോർപ്പറേഷൻ പരമാവധി 5.00 ലക്ഷം രൂപ വരെ വായ്പ നൽകുന്നതാണ്. വായ്പയുടെ പലിശ നിരക്ക് 8% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്.

3. **വാഹന വായ്പാ പദ്ധതി.**

ഡ്രൈവിംഗ് ലൈസൻസും ബാഡ്ജുമുള്ള (ആവശ്യമെങ്കിൽ) പട്ടികവിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ ഉപാധി എന്ന നിലയിൽ വാഹനം വാങ്ങുന്നതിന് വായ്പ നൽകുന്ന പദ്ധതിയാണിത്. പരമാവധി പദ്ധതി തുക 10,00,000/- രൂപയാണ്. വായ്പയുടെ പരമാവധി പലിശ നിരക്ക് 8% ഉം തിരിച്ചടവ് കാലാവധി 5 വർഷവുമാണ്.

4. **മൾട്ടി പർപ്പസ് യൂണിറ്റ് ലോൺ**

പട്ടികവിഭാഗത്തിൽപ്പെട്ട മികച്ച സംരംഭകർക്ക് ചെറുകിട അഥവാ ഇടത്തരം വ്യവസായ വാണിജ്യ സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ വായ്പാ സഹായം നൽകുന്നതിനായി ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതിയാണ് ***"മൾട്ടി പർപ്പസ് യൂണിറ്റ് ലോൺ"***. നിർദ്ദിഷ്ട മേഖലയിൽ തൊഴിൽ പരിചയവും സാങ്കേതിക പരിജ്ഞാനവുമുള്ള ഊർജ്ജസ്വലരായ സംരംഭകരെ വിജയ സാധ്യതയുള്ള സംരംഭങ്ങളിൽ മുതൽ മുടക്കാൻ പ്രാപ്തരാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതിയിൻ കീഴിൽ നൽകുന്ന പരമാവധി വായ്പ 25.00 ലക്ഷം രൂപയാണ്. ഇതിൽ 4% ഗുണഭോക്തൃ വിഹിതമാണ്. വായ്പയുടെ പരമാവധി പലിശ നിരക്ക് 9% ആണ്. വായ്പ 5 വർഷം കൊണ്ട് തിരിച്ചടക്കേണ്ടതാണ്.

5. <u>വിദേശ തൊഴിൽ വായ്പാ പദ്ധതി</u>

നിയമാനുസരണം പാസ്പോർട്ട്, വർക്ക് എഗ്രിമെന്റ്, വിസ എന്നിവ നേടിയവരും വിദേശത്ത് തൊഴിൽ ചെയ്യാൻ ഉദ്ദേശിക്കുന്നവരുമായ പട്ടികവിഭാഗത്തിൽപ്പെട്ടവർക്ക് വിദേശ തൊഴിൽ സംബന്ധമായി ധനസഹായം നൽകാൻ ഉദ്ദേശിച്ചു കൊണ്ടുള്ള പദ്ധതിയാണിത്. പരമാവധി 50,000/- രൂപ വരെയാണ് വായ്പ നൽകുന്നത്. വായ്പ യുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 3 വർഷവുമാണ്.

6. <u>വിദേശ തൊഴിൽ വായ്പാ പദ്ധതി (പുതിയത്)</u>

നിയമാനുസരണം പാസ്പോർട്ട്, വർക്ക് എഗ്രിമെന്റ്, വിസ എന്നിവ നേടിയവരും വിദേശത്ത് തൊഴിൽ ചെയ്യാൻ ഉദ്ദേശിക്കുന്നവരുമായ പട്ടികജാതിയിൽപ്പെട്ടവർക്ക് വിദേശ തൊഴിൽ സംബന്ധമായി ധനസഹായം നൽകാൻ ഉദ്ദേശിച്ചു കൊണ്ടുള്ള പദ്ധതിയാണിത്. പരമാവധി 2 ലക്ഷം രൂപ വരെയാണ് വായ്പ നൽകുന്നത്. വായ്പ യുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 3 വർഷവുമാണ്.

7. <u>"പ്രവാസി പുനഃരധിവാസ വായ്പാ പദ്ധതി"</u> :-വിദേശത്തു നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്നവരെ പുനഃരധിവസിപ്പിക്കുന്നതിനാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. പരമാവധി 20 ലക്ഷം രൂപയാണ് വായ്പയായി നൽകുന്നത്. അതിൽ പരമാവധി 15% വരെ ക്യാപ്പിറ്റൽ സബ്സിഡിയായി ***"നോർക്ക റൂട്ട്സ്"*** നൽകുന്നതാണ്. വായ്പയുടെ പരമാവധി പലിശ നിരക്ക് 8% ആണ്. തിരിച്ചടവ് കാലാവധി 5 വർഷമാണ്.

8. <u>സ്റ്റാർട്ട് അപ് സംരംഭകർക്കുള്ള വായ്പാ പദ്ധതി</u>

*"സ്റ്റാർട്ട് അപ് സംരംഭകർക്കുള്ള വായ്പാ പദ്ധതി"* എന്ന ഈ പദ്ധതിയിൻ കീഴിൽ സാങ്കേതിക വിദ്യയിലും പുതിയ ബിസിനസ് ആശയങ്ങളിലും അധിഷ്ഠിത മായ യുവസംരംഭകരുടെ നൂതന സംരംഭങ്ങൾക്കാണ് പ്രാമുഖ്യം നൽകുന്നത്. പരമാ വധി പദ്ധതി തുക 25.00 ലക്ഷം രൂപയാണ്. വായ്പയുടെ പലിശ നിരക്ക് 7% വും തിരി ച്ചടവ് കാലാവധി 5 മുതൽ 7 വർഷം വരെയുമാണ്.

9. <u>പെട്രോളിയം ഡീലർമാർക്കുള്ള വായ്പ</u> :-

പട്ടികജാതിയിൽപ്പെട്ട പെട്രോളിയം ഡീലർമാർക്ക് പ്രവർത്തന മൂലധന വായ്പ യായി പരമാവധി 10.00 ലക്ഷം രൂപ വരെയാണ് ഈ പദ്ധതിയിൽ നൽകുന്നത്.വായ്പ യുടെ പലിശ നിരക്ക് 4% ഉം തിരിച്ചടവ് കാലാവധി 8 വർഷവുമാണ്.

10. <u>മൈക്രോ ക്രെഡിറ്റ് ഫൈനാൻസ് പദ്ധതി</u>

പട്ടികജാതിയിൽപ്പെട്ടവരും സാമ്പത്തികമായി ഏറ്റവും പിന്നോക്കാവസ്ഥയിലുള്ളവ രുമായ ലഘു സംരംഭകർക്ക് ഏറ്റവും ചുരുങ്ങിയ മുതൽ മുടക്ക് ആവശ്യമുള്ള മേഖല കളിൽ സ്വന്തമായോ കൂട്ടായോ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള

പദ്ധതിയാണിത്. പരമ്പരാഗത തൊഴിൽ മേഖലകൾക്ക് പ്രാമുഖ്യം നൽകുന്നതാണ്. പരമാവധി 60,000/- രൂപ വരെയാണ് ഈ പദ്ധതിയിൻ കീഴിൽ വായ്പ നൽകുന്നത്. വായ്പയുടെ പലിശ നിരക്ക് 5% വും തിരിച്ചടവ് കാലാവധി 3 വർഷവുമാണ്.

11. <u>മഹിളാ സമൃദ്ധി യോജന</u>

പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് ആവിഷ്ക്കരിച്ചിട്ടുള്ള ഈ പദ്ധതിയിൻ കീഴിൽ പരമാവധി 60,000/- രൂപ വായ്പ നൽകാവുന്നതാണ്. സ്ത്രീ സംരംഭകർക്ക് അനുയോജ്യമായതും എന്നാൽ കുറഞ്ഞ മുതൽ മുടക്ക് മാത്രം വേണ്ടി വരുന്നതുമായ ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ട് ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനും അതുവഴി അവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പദ്ധതിയുടെ പലിശ നിരക്ക് 4% വും തിരിച്ചടവ് കാലാവധി 3 വർഷവുമാണ്.

12. <u>ലഘു വ്യവസായ യോജന</u>

പട്ടികജാതിയിൽപ്പെട്ടസംരംഭകത്വ ഗുണമുള്ളവർക്ക് അവരുടെ അഭിരുചിക്കുംതൊഴിൽപരമായ വൈദഗ്ദ്ധ്യത്തിനുമനുസരിച്ച് വായ്പ നൽകുന്ന പദ്ധതിയാണിത്. ഇതിൻപ്രകാരം വ്യക്തിഗത സംരംഭങ്ങൾക്ക് അവർക്ക് ആവശ്യമായ മേഖലകളിൽ മുതൽ മുടക്കാൻ പദ്ധതിയുടെ വിജയ സാധ്യത അനുസരിച്ച് വായ്പ നൽകുന്നതായിരിക്കും. പരമാവധി പദ്ധതി തുക 4.00 ലക്ഷം രൂപയാണ്. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്.

13. <u>വനിതാ ശാക്തീകരണ പദ്ധതി (പട്ടികജാതി ഗ്രൂപ്പ്)</u> :-

കോർപ്പറേഷൻ സംസ്ഥാന കുടുംബശ്രീ മിഷനുമായി ചേർന്ന് വനിതകളുടെ ഗ്രൂപ്പുകൾക്ക് (അയൽ കൂട്ടങ്ങൾക്ക്) ജാമ്യമില്ലാതെ വായ്പ നൽകുന്ന മൈക്രോ ഫിനാൻസ് പദ്ധതിയാണിത്. 10 പേർ ഉൾപ്പെട്ട ഒരു സംഘത്തിന് നൽകുന്ന പരമാവധി തുക 5 ലക്ഷം രൂപയാണ്. പലിശ നിരക്ക് 5% ഉം തിരിച്ചടവ് കാലയളവ് 3 വർഷവുമാണ്.

14. <u>ആദിവാസി മഹിളാ സശാക്തീകരൺ യോജന</u>

പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകളുടെ സാമ്പത്തിക സാമൂഹിക ഉന്നമനം ലക്ഷ്യമാക്കി ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷന്റെ സഹായത്തോടു കൂടി വളരെ കുറഞ്ഞ പലിശ നിരക്കിൽ അവർക്ക് വായ്പ ലഭ്യമാക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം വ്യക്തിഗത യൂണിറ്റൊന്നിന് പരമാവധി 2,00,000/- രൂപ വരെ ധനസഹായം അനുവദിക്കുന്നതാണ്. വായ്പയുടെ പലിശ നിരക്ക് 4% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്.

15. <u>പട്ടികവർഗ്ഗ സംരംഭകർക്കുള്ള വായ്പാ പദ്ധതി.</u>

പട്ടികവർഗ്ഗത്തിൽപ്പെട്ട സംരംഭകരെ അവർക്കനുയോജ്യമായ മേഖലകളിൽ മുതൽ മുടക്ക് നടത്തി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പ്രാപ്തരാക്കുവാൻ ഉദ്ദേശിച്ചുള്ള പദ്ധതിയാണ് *"പട്ടിക വർഗ്ഗ സംരംഭകർക്കുള്ള വായ്പാ പദ്ധതി"*.പദ്ധതിയിൻ കീഴിൽ വിജയ സാദ്ധ്യത പരിശോധിച്ചതിനു ശേഷം പരമാവധി 4,00,000/- രൂപ വരെ വായ്പ നൽകുന്നതാണ്. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്.

16. <u>വനിതാ ശാക്തീകരണ പദ്ധതി (പട്ടികവർഗ്ഗ ഗ്രൂപ്പ്)</u> :- -

കോർപ്പറേഷൻ സംസ്ഥാന കുടുംബശ്രീ മിഷനുമായി ചേർന്ന് വനിതകളുടെ ഗ്രൂപ്പുകൾക്ക് (അയൽ കൂട്ടങ്ങൾക്ക്) ജാമ്യമില്ലാതെ വായ്പ നൽകുന്ന മൈക്രോ ഫിനാൻസ് പദ്ധതിയാണിത്. 10 പേർ ഉൾപ്പെട്ട ഒരു സംഘത്തിന് നൽകുന്ന പരമാവധി തുക 5 ലക്ഷം രൂപയാണ്. പലിശ നിരക്ക് 5% ഉം തിരിച്ചടവ് കാലയളവ് 4 വർഷവുമാണ്.

## 1. തൊഴിൽ അധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങൾ

അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് അവരവരുടെ താൽപ്പര്യത്തിനും അഭിരുചിക്കും അനുസരിച്ച് ആനുകാലിക പ്രാധാന്യമുള്ളതും, തൊഴിൽ സാധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ സംസ്ഥാന/കേന്ദ്ര/അന്താരാഷ്ട്ര അംഗീകാരമുള്ള പരിശീലന സ്ഥാപനങ്ങൾ മുഖേന പരിശീലനം നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ദാതാക്കളുമായി ചേർന്ന് പ്ലേയ്സ്മെന്റ് മുഖേന സ്ഥിര ശമ്പളത്തോടുകൂടി പല സ്ഥാപനങ്ങളിലും തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിനോ സാധിച്ചിട്ടുണ്ട്. ഏവിയേഷൻ മേഖലയിലെ എയർലൈൻ കസ്റ്റമർ സർവ്വീസ്, എയർലൈൻ ആന്റ് എയർപോർട്ട് മാനേജ്മെന്റ്, ഓട്ടോ മൊബൈൽ,കംമ്പ്യൂട്ടർ ആൻറ് ഡിജിറ്റൽ മീഡിയ, ടൂറിസം ആന്റ് ഹോട്ടൽ മാനേജ്മെന്റ് എന്നീ മേഖലകളിലെ കോഴ്സുകൾ എന്നിവയിൽ വകുപ്പ് പരിശീലനം നൽകിയിട്ടുണ്ട്. ഇതിലൂടെ ഒട്ടനവധി പട്ടികവർഗ്ഗ കുടുംബങ്ങളിൽ തൊഴിൽ ലഭ്യതയും വരുമാനവും ഉറപ്പ് വരുത്താൻ പട്ടികവർഗ വികസന വകുപ്പിന് സാധിച്ചിട്ടുണ്ട്. കൂടാതെ പ്രതിവർഷം 2 പേർക്ക് കൊമേഴ്സ്യൽ പൈലറ്റ് പരിശീലനവും വകുപ്പ് നടത്തി വരുന്നു.

## (2) സർക്കാർ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ

സർക്കാർ വകുപ്പുകളിലും പൊതുമേഖല സ്ഥാപനങ്ങളിലും തൊഴിൽ നൽകുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലെ ഓഫീസുകളിൽ സിവിൽ എഞ്ചിനീയറിംഗ് ബിരുദധാരികളായ 200 യുവതീയുവാക്കൾക്ക് പ്രതിമാസം 18,000/- രൂപ നിരക്കിൽ അക്രെഡിറ്റഡ് എഞ്ചിനീയറായി തൊഴിൽ ഉറപ്പ് വരുത്തിയിട്ടുണ്ട് (നിലവിൽ 177 പേർ സേവനം അനുഷ്ഠിച്ച് വരുന്നു). കൂടാതെ ഓഫീസുകളിൽ തൊഴിൽ പരിശീലനത്തിനായി പ്രതിമാസം 10,000/- രൂപ ഹോണറേറിയം നിരക്കിൽ ഓഫീസ് മാനേജ് മെന്റ് ട്രെയിനികളായി 140 പേരും വകുപ്പ് ആവിഷ്ക്കരിക്കുന്ന പദ്ധതികൾ യഥാസമയം ഗുണഭോക്താക്കൾക്കിടയിൽ എത്തിക്കുന്നതിനായി ഫീൽഡ് തലത്തിൽ പ്രതിമാസം 13,500/- രൂപ നിരക്കിൽ 1182 പേർ എസ്.ടി പ്രമോട്ടറായും, 29,535/- രൂപ നിരക്കിൽ 54 പേർ കമ്മിറ്റഡ് സോഷ്യൽ വർക്കറായും സേവനം അനുഷ്ഠിച്ചുവരുന്നു. മതിയായ വിദ്യാഭ്യാസ യോഗ്യതയുണ്ടായിട്ടും തൊഴിൽ ലഭിക്കാത്ത പട്ടികവർഗ്ഗക്കാരെ വകുപ്പിന്റെ സാമൂഹ്യ പഠനമുറികളിൽ പ്രതിമാസം 15,000/- രൂപ നിരക്കിൽ 364 പേർ ഫെസിലിറ്റേറ്ററായും 326 പേരെ പ്രതിദിനം 750/- രൂപ നിരക്കിൽ (പ്രതിമാസം പരമാവധി 21,900/- രൂപ) മെന്റർ ടീച്ചർമാരായും നിയമിച്ചിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വിഭാഗത്തിലെ നിയമ ബിരുദധാരികളായ 25 യുവതി യുവാക്കൾക്ക് പ്രതിമാസം 18,000/-ഹോണറേറിയം നിരക്കിൽ മുതിർന്ന അഭിഭാഷകർക്കൊപ്പം ഇന്റേൺഷിപ്പ് വ്യവസ്ഥയിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി നടത്തി വരുന്നുണ്ട്. നഴ്സിംഗ് ബിരുദം/ഡിപ്ലോമ/ പാരാമെഡിക്കൽ യോഗ്യതയുള്ള 54 പട്ടികവർഗ്ഗ യുവതീ യുവാക്കൾ ട്രൈബൽ പാരാമെഡിക്സ് പദ്ധതിയുടെ ഭാഗമായി പ്രതിമാസം 18,000/- രൂപ നിരക്കിലും PHC മുതൽ മെഡിക്കൽ കോളേജ് വരെയുള്ള വിവിധ ആശുപത്രികളിൽ സേവനമനുഷ്ഠിച്ച് വരുന്നു.

## 3. വിദ്യാഭ്യാസ യോഗ്യത കുറഞ്ഞവർക്കുള്ള പദ്ധതികൾ

പട്ടികവർഗ്ഗസങ്കേതങ്ങളിലെ വിദ്യാഭ്യാസം ഇടയ്ക്ക് വച്ച് നഷ്ടപ്പെട്ടവർക്ക് സുസ്ഥിര വരുമാനം ഉറപ്പാക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ഗോത്രജീവിക പദ്ധതിയുടെ ഭാഗമായി കെട്ടിട നിർമ്മാണം, പെയിന്റിംഗ്, പ്ലംബിംഗ് തുടങ്ങിയ നിർമ്മാണ മേഖലയിലെ വിവിധ തലങ്ങളിൽ പരിശീലനം നൽകുന്നുണ്ട്. അവരെ ചെറു സംഘങ്ങളായി രജിസ്റ്റർ ചെയ്ത് നിർമ്മാണ സാമഗ്രികൾ വാങ്ങുന്നതിന് ധനസഹായം അനുവദിച്ച് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാൻ പ്രാപ്തരാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്കിടയിലെ തൊഴിൽ ഇല്ലായ്മ പരിഹരിക്കുന്നതിനും അവർക്കിടയിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുമായി ഒരു സംരംഭത്തിന് പരമാവധി 10 ലക്ഷം രൂപ ധനസഹായം നൽകുന്ന സംരംഭകത്വ വികസന പരിപാടി വകുപ്പ് ആസൂത്രണം ചെയ്തിട്ടുണ്ട്.